**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2190–18/06/2013 -ലെ മറുപടിക്ക്**
**സംരംഭക വികസന മിഷന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . പി.കെ. ബഷീർ | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് സംരംഭക വികസന മിഷൻ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | 16.5.2013 ലെ കണക്കുകൾ പ്രകാരം മിഷനിൽ,1063 സംരംഭകർ ഉൾപ്പെടുന്ന 430 സംരംഭക ഗ്രൂപ്പുകൾക്ക് പരിശീലനം നൽകുകയുണ്ടായി. ഇതിൽ 172 സംരംഭകർ ഉൾപ്പെടുന്ന 73 സംരംഭങ്ങൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുകയുണ്ടായി; 310 സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തം വ്യക്തമാക്കുമോ ; | ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളാണ് മിഷൻ പ്രകാരം പരിഗണിക്കുന്നത്. കൂടാതെ സംരംഭകരെ തെരെഞ്ഞടുക്കുന്ന ഏഴംഗ കമ്മറ്റിയിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അംഗമാണ്. |
| (ഡി) | പദ്ധതി പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനാനുഭവത്തിന്റെ വെളിച്ചത്തിൽ, മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കൂടുതൽ സംരംഭകർക്കവസരം നൽകുവാനുമായി താഴെപ്പറയുന്ന മാറ്റങ്ങൾ നടപ്പാക്കി.<br>1. യോഗ്യതാ പ്രായം 21-ൽ നിന്നും 18 ആയി കുറച്ചു.<br>2. പഞ്ചായത്തിലെ രജിസ്ട്രേഷൻ നിർബ്ബന്ധമല്ലാതാക്കി.<br>3. സംരംഭകർ താമസിക്കുന്ന പഞ്ചായത്തിൽ തന്നെ സംരംഭങ്ങൾ ആരംഭിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തി.<br>4. പരിശീലന കാലാവധി 1 മാസത്തിൽ നിന്നും 13 ദിവസമായി കുറച്ചു.<br>5. വാക്- ഇൻ-ഇന്റർവ്യൂ നടപ്പിലാക്കി. |

അക്കൗണ്ട്സ് ഓഫീസർ